©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
അസാധാരണം

## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 24th June 2011<br>2011 ജൂൺ 24<br>3rd Ashadha 1933<br>1933 ആഷാഢം 3 | No.<br>നമ്പർ 1244 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 70/2011/LBR. *Dated, Thiruvananthapuram, 22nd June, 2011.*

**S. R. O. No. 381/2011.**—In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948), read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 9803/E1/2007/LBR dated 17th December, 2010 in the Kerala Gazette Extraordinary No. 2929 dated 27th December, 2010 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby fix the minimum rates of wages payable to the employees employed in the Handicrafts Sector in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

33/2376/2011/DTP.

SCHEDULE

## I. Rate of Basic Wages

### 1. Craft, Sculpture Making (with metal, alloy, wood, animal born, cement, clay, plastic, plaster of paris, stone, etc.)

| *Sl. No.* | *Category/Designation* | *Daily Basic Wages* |
|---|---|---|
| 1 | *Highly Skilled* | |
| | (a) Master Craftman, Chief Artist | ₹ 350 |
| | (b) Craftman, Artist | ₹ 300 |
| 2 | *Skilled* | |
| | Crafts Assistant, Art Assisistant, Moulders, Die Makers, Carving Workers | ₹ 250 |
| 3 | *Semi Skilled* | |
| | Polisher, Cutter, Crafts, Art Helper | ₹ 200 |

### 2. Office Staff

| *Sl. No.* | *Category/Designation* | *Monthly Basic Wages* |
|---|---|---|
| 1 | Manager | ₹ 7800 |
| 2 | Supervisor | ₹ 6500 |
| 3 | Accountant, Clerk, Cashier, Computer Operator, Typist, Receptionist, Front Office Assistant, Storekeeper, Driver | ₹ 4150 |
| 4 | Store Assistant, Packer, Peon, Watchman, Helper | ₹ 4070 |
| 5 | Cleaner, Sweeper | ₹ 3910 |

## II. Dearness Allowance

1. In addition to the basic rates of wages, the employees shall be eligible for Dearness Allowance on the basis of Consumer Price Index Numbers (1998-99=100) published for the concerned District Headquarters by the Department of Economics and Statistics, at the rate of 95 paise (ninenty five paise) for daily waged employees and 24.90 rupees (rupees twenty four and ninenty paise) for monthly waged employees for every increase of point above 130 points.

2. For Wayanad and Idukki Districts, Dearness Allowance shall be paid on the basis of the Consumer Price Index Number published for Meppadi and Munnar Centre respectively.

**III. Service Weightage**

The employees who have completed a service period of five years or more in an establishment or under an employer, as on the date of commencement of this notification, shall be allowed service weightage included in their basic wages, at the rate of five percentage of the revised basic pay for every completed five years of service, subject to a maximum of fifteen percentage.

**IV. Protection for higher wages**

1. Wherever any workman is actually in receipt of higher wages than the minimum rates of wages fixed in this notification, such workman shall continue to get such higher rate of wages.

2. Wherever piece rate or contract rate is implemented for any category, such category of employees shall be paid minimum wages for eight hours of work which shall not be less than the rate fixed above.

**V.** If any category of employee is not included in this notification, such employee shall be eligible to get wages at the rate of wages fixed for the employees of equal status.

**VI.** The daily wages of the monthly paid employees shall be calculated by dividing the monthly total wages by 26 and the monthly wages in respect of the daily paid employees shall be calculated by multiplying the total daily wages by 26.

By order of the Governor,

B. Babu,

*Additional Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

After considering the objections and suggestions received on the preliminary notification issued as No. 9803/El/2007/LBR dated 17th December, 2010 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board, Government have decided to fix the minimum rates of wages payable to the employees employed in the Handicrafts sector in the State of Kerala.

This notification is intended to achieve the above object.

# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 70/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ജൂൺ, 22.*

**എസ്. ആർ. ഒ. നമ്പർ 381/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ ആവശ്യപ്പെടുന്ന പ്രകാരം, 2010 ഡിസംബർ 27-ാം തീയതിയിലെ 2929-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 ഡിസംബർ 17-ാം തീയതിയിലെ 9803/ഇ1/2007/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും, പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചതിനുശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ കരകൗശല മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലിനിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

### I. അടിസ്ഥാന വേതന നിരക്ക്

1. കലാ-ശിൽപ നിർമ്മാണ പ്രവർത്തനം (ലോഹം, ലോഹസങ്കരം, മരം, മൃഗങ്ങളുടെ കൊമ്പുകൾ, സിമന്റ്, കളിമണ്ണ്, പ്ലാസ്റ്റിക്, പ്ലാസ്റ്റർ ഓഫ് പാരീസ്, സ്റ്റോൺ തുടങ്ങിയവ കൊണ്ടുള്ളത്).

| *ക്രമനമ്പർ* | *വിഭാഗം/തസ്തിക* | *അടിസ്ഥാന പ്രതിദിന വേതനം* |
|---|---|---|
| 1 | *അതിവിദഗ്ദ്ധ വിഭാഗം* | |
| | (എ) മാസ്റ്റർ ക്രാഫ്റ്റ്സ്മാൻ, ചീഫ് ആർട്ടിസ്റ്റ് | ₹ 350 |
| | (ബി) ക്രാഫ്റ്റ്സ്മാൻ, ആർട്ടിസ്റ്റ് | ₹ 300 |
| 2 | *വിദഗ്ദ്ധ വിഭാഗം* | |
| | ക്രാഫ്റ്റ്സ് അസിസ്റ്റന്റ്, ആർട്ട് അസിസ്റ്റന്റ്, മോൾഡേഴ്സ്, ഡൈമേക്കേഴ്സ്, കാർവിംഗ് വർക്കേഴ്സ് | ₹ 250 |
| 3 | *അർദ്ധ വിദഗ്ദ്ധ വിഭാഗം* | |
| | പോളിഷർ, കട്ടർ, ക്രാഫ്റ്റ്സ്, ആർട്ട് ഹെൽപ്പർ | ₹ 200 |

2. ഓഫീസ് ജീവനക്കാർ

| ക്രമ നമ്പർ | വിഭാഗം/തസ്തിക | പ്രതിമാസ അടിസ്ഥാന വേതനം |
|---|---|---|
| 1 | മാനേജർ | ₹ 7800 |
| 2 | സൂപ്പർവൈസർ | ₹ 6500 |
| 3 | അക്കൗണ്ടന്റ്, ക്ലാർക്ക്, കാഷ്യർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ടൈപ്പിസ്റ്റ്, റിസപ്ഷനിസ്റ്റ്, ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്, സ്റ്റോർ കീപ്പർ, ഡ്രൈവർ | ₹ 4150 |
| 4 | സ്റ്റോർ അസിസ്റ്റന്റ്, പായ്ക്കർ, പ്യൂൺ, വാച്ച്മാൻ, ഹെൽപ്പർ | ₹ 4070 |
| 5 | ക്ലീനർ, സ്വീപ്പർ | ₹ 3910 |

## II. ക്ഷാമബത്ത

1. മേൽകാണിച്ച അടിസ്ഥാന വേതനത്തിന് പുറമെ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനുംവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ (1998-99=100) 130 പോയിന്റിന് മുകളിൽവരുന്ന ഓരോ പോയിന്റിനും ദിവസവേതനക്കാർക്ക് 95 പൈസ (തൊണ്ണൂറ്റി അഞ്ച് പൈസ) നിരക്കിലും മാസശമ്പള ക്കാർക്ക് 24 രൂപ 90 പൈസ (ഇരുപത്തിനാല് രൂപ തൊണ്ണൂറ് പൈസ) നിരക്കിലും ക്ഷാമബത്ത നൽകേണ്ടതാണ്.

2. ഇടുക്കി, വയനാട് എന്നി ജില്ലാകേന്ദ്രങ്ങൾക്കുവേണ്ടി യഥാക്രമം മൂന്നാർ കേന്ദ്ര ത്തിനുവേണ്ടിയും, മേപ്പാടി കേന്ദ്രത്തിനുവേണ്ടിയും പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

## III. സർവ്വീസ് വെയിറ്റേജ്

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിലോ ഒരു തൊഴിലുടമയുടെ കീഴിലോ അഞ്ച് വർഷമോ അതിൽ കൂടുതലോ സേവനകാലം പൂർത്തിയാക്കിയ ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ അഞ്ചുവർഷത്തെ സേവന കാലയളവിനും പുതുക്കിയ അടിസ്ഥാന വേതനത്തിന്റെ അഞ്ച് ശതമാനമെന്ന നിരക്കിൽ പരമാവധി പതിനഞ്ച് ശതമാനമെന്ന പരിധിയിൽ, സർവ്വീസ് വെയിറ്റേജ് ആയി അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി അനുവദിക്കേണ്ട താണ്.

## IV. ഉയർന്ന വേതന സംരക്ഷണം

1. ഏതെങ്കിലും തൊഴിലാളികൾക്ക് ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തെക്കാൾ ഉയർന്ന വേതന നിരക്ക് യഥാർത്ഥത്തിൽ ലഭിക്കുന്നിടത്ത് അങ്ങനെയുള്ള തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന നിരക്ക് തുടർന്നും നൽകി യിരിക്കേണ്ടതാണ്.

2. എവിടെയെങ്കിലും ഏതെങ്കിലും വിഭാഗത്തിന് പീസ്റേറ്റോ അല്ലെങ്കിൽ കരാർ നിരക്കോ നടപ്പിലാക്കുന്നിടത്ത് മുകളിൽ നിശ്ചയിച്ച നിരക്കിൽ കുറയാതെ 8 മണിക്കൂർ ജോലിക്കുള്ള മിനിമം വേതനം നൽകേണ്ടതാണ്.

**V.** ഏതെങ്കിലും വിഭാഗം ജീവനക്കാരെ ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ, അത്തരം ജീവനക്കാർക്ക് സമാന പദവിയിലുള്ള ജീവനക്കാർക്ക് നിശ്ചയിച്ച നിരക്കിലുള്ള വേതനം ലഭിക്കുവാൻ അർഹതയുണ്ട്.

**VI.** മാസവേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗക്കാരുടെ ദിവസവേതനം, ക്ഷാമബത്ത അടക്കമുള്ള മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ചും ദിവസവേതനം നിശ്ചയിച്ച വിഭാഗക്കാരുടെ മാസവേതനം ക്ഷാമബത്ത അടക്കമുള്ള മൊത്തം ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ബാബു,
*ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ കരകൗശല മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2010 ഡിസംബർ 17-ാം തീയതിയിലെ 9803/ഇ1/2007/തൊഴിൽ എന്ന നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചും പ്രസ്തുത മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.